(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

**മാവേലി ഹോട്ടലുകൾ**

**113 (127)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പുവഴി മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ആരംഭിച്ച മാവേലി ഹോട്ടലുകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര മാവേലി ഹോട്ടലുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനമൊട്ടാകെ 74 മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ശരാശരി പ്രതിദിന വിറ്റുവരവ് 1,692 രൂപയാണ്.

(ഡി) സംസ്ഥാനത്ത് നിലവിൽ 32 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു.

(ഇ) മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധരായ സംഘടനകളോ വ്യക്തികളോ മുന്നോട്ടുവന്നാൽ ആയതിനുള്ള സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

**മാവേലി ഹോട്ടലുകൾ**

**114 (128)** ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നേരിടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും കുറഞ്ഞ നിരക്കിൽ ഊണ് ലഭിക്കുന്നവിധം മാവേലി ഹോട്ടലുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ എത്ര ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly